(സി) ഉണ്ട്. 2014-15-ൽ ആകെയുള്ള 277 കുട്ടികളിൽ 7 പേർ മറ്റ് സ്കൂളുകളിലേക്ക് പോയിട്ടുണ്ട് (2.5%). ഈ കുട്ടികൾ സ്ഥാപനം വിട്ടതിനുള്ള കാരണം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലായി ആകെ 26 അധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 24 സ്ഥിരം അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഒഴിവുകൾ പൊതുവിദ്യാഭ്യാസ/ഹയർസെക്കന്ററി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിയന്തര നടപടി എന്ന നിലയിൽ ഒഴിവുള്ള തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

14 അനധ്യാപക തസ്തികകളുണ്ട്. ഇതിൽ റാർഡന്റെ ഒരു തസ്തികയും രണ്ട് കുക്ക് തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. ടി ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ട് വ്യവസ്ഥയിൽ കുക്കുമാരെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഉള്ള സ്റ്റേജിനോട് ചേർന്ന് ഫൈബർ റൂഫിംഗോടുകൂടിയ ആഡിറ്റോറിയം നിർമ്മിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) അടിയന്തര ഘട്ടങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികജാതി വകുപ്പിൽ ബൈട്രാൻസ്ഫർ മുഖേന അദ്ധ്യാപക നിയമനം

226 (6931) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസവകുപ്പിൽ നടത്തുന്നതുപോലെ പട്ടികജാതി വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ഉൾപ്പടെയുള്ള ജീവനക്കാരെ എം. ആർ. എസ്.- കളിൽ ബൈ ട്രാൻസ്ഫർ മുഖേന അദ്ധ്യാപകരായി നിയമിക്കുവാൻ ആലോചിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly